# പോലീസ് സേനയുടെ പരിഷ്കരണം

**ഏതാണ്ട്** നാൽപതു വർഷം മുമ്പ് ഇലാഹാബാദ് ഹൈക്കോടതി സ്പെഷ്യൽ ജഡ്ജി ആനന്ദ് നാരായൺ മുല്ല, ഒരു കേസ് കേട്ടുകൊണ്ടിരിക്കെ പോലീസ് സേനയെ 'ക്രിമിനലുകളുടെ വ്യവസ്ഥാപിത സംഘം' എന്നു വിശേഷിപ്പിക്കുകയുണ്ടായി. കോടതിയുടെ ഈ പരാമർശം ഉത്തർപ്രദേശിൽ അക്കാലത്ത് വിപുലമായി ചർച്ച ചെയ്യപ്പെടുകയുമുണ്ടായി. പക്ഷേ യു.പിയിലോ ഇതര സംസ്ഥാനങ്ങളിലോ പോലീസിന്റെ കുറ്റവാസനയിൽ മാറ്റമൊന്നുമുണ്ടായില്ല. എന്നല്ല അത് അനുക്രമം വളർന്നുവരുന്നതിന്റെ ലക്ഷണങ്ങളാണ് നാടെങ്ങും ദൃശ്യമായത്. ആ വളർച്ചയുടെ വ്യക്തമായ തെളിവാണ് ഇക്കഴിഞ്ഞ ജൂലൈ 24-ന് സുപ്രീംകോടതിതന്നെ രാജ്യത്തെ പോലീസിനെ ഗുരുതരമാം വണ്ണം അഴിമതി ഗ്രസിച്ചിരിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടത്. ഒരു കേസിൽ എഫ്.ഐ.ആർ രേഖപ്പെടുത്തുന്നതു സംബന്ധിച്ച് റൂളിംഗ് നൽകിക്കൊണ്ട് ജസ്റ്റിസ് ബി.എൻ അഗർവാളും ജസ്റ്റിസ് ബി.പി നാവ്‌ലേക്കറും ഉൾപ്പെട്ട സുപ്രീംകോടതി ബെഞ്ച് പ്രസ്താവിച്ചു: "രാജ്യത്തെല്ലായിടത്തുമല്ലായിരിക്കാമെങ്കിലും ചുരുങ്ങിയത് ബിഹാർ, ഒറീസാ സംസ്ഥാനങ്ങളിലെങ്കിലും എഫ്.ഐ.ആർ രേഖപ്പെടുത്താൻ പോലീസ് വിസമ്മതിക്കുന്നുവെന്ന പരാതി വ്യാപകമാണ്. രാജ്യത്തെ സംബന്ധിച്ചേടത്തോളം വളരെ ദൗർഭാഗ്യകരവും മുഴുവൻ പോലീസ് ഓഫീസർമാർക്കും അങ്ങേയറ്റം ദുഷ്കീർത്തികരവുമാണ് എഫ്.ഐ. ആർ രേഖപ്പെടുത്താൻ വിസമ്മതിക്കുന്ന സ്ഥിതിവിശേഷം" (*ദ ഹിന്ദു* ജൂലൈ 25).

കോടതി പേരെടുത്തു പറഞ്ഞത് ബിഹാർ, ഒറീസ സംസ്ഥാനങ്ങളെയാണെങ്കിലും എഫ്.ഐ.ആറിന്റെ കാര്യത്തിൽ ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും പോലീസിന്റെ നിലപാട് ഇതുതന്നെയാണ്. നമ്മുടെ തലസ്ഥാന നഗരിയായ ദില്ലിയിലെ കൊണാട്ട് പ്ലേസിൽ 23 -നു നടന്ന ഒരു സംഭവം സുപ്രീം കോടതിതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു പ്രകോപനവുമില്ലാതെ അവിടെ ഒരു സംഘം യുവാക്കൾ അഴിഞ്ഞാടി വഴിയാത്രക്കാരെ ദ്രോഹിക്കുകയായിരുന്നു. പോലീസ് അവർക്കെതിരെ ഒരു നടപടിയുമെടുത്തില്ല. ജൂലൈ 24 -നു തന്നെ ഹരിയാനയിൽ നടന്ന സംഭവം കോടതിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാവില്ല. റോഡിലൂടെ നടന്നുപോയ ഒരു പെൺകുട്ടിയെ മൂന്ന് യുവാക്കൾ ബലംപ്രയോഗിച്ച് വലിച്ചിഴച്ച് കാറിൽ കയറ്റിക്കൊണ്ടുപോയി ക്രൂരമായി പീഡിപ്പിച്ചു. പെൺകുട്ടിയുടെ സഹോദരൻ പരാതിയുമായി പോലീസ് സ്റ്റേഷനിലെത്തി. 'ആജ്തക്' ചാനലിന്റെ റിപ്പോർട്ട് പ്രകാരം സംഭവം നടന്ന് 24 മണിക്കൂർ കഴിഞ്ഞ ശേഷവും പോലീസ് പരാതി രേഖപ്പെടുത്താൻ കൂട്ടാക്കിയില്ല. കാരണം, പ്രതികളായ യുവാക്കൾ മൂന്നു പേരും നഗരത്തിലെ സമ്പന്നനായ റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരന്റെ ബന്ധുക്കളാണ്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഈയിടെ ഒരു കുഴൽപ്പണക്കൊള്ള കേസുണ്ടായി. അതിലെ ചില പ്രതികൾ മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയിലെത്തി. ഹൈക്കോടതി അന്വേഷിച്ചപ്പോഴറിയുന്നത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അങ്ങനെയൊരു കേസേയില്ല എന്ന്!

എഫ്.ഐ.ആർ രേഖപ്പെടുത്താത്തതിന്റെ പേരിൽ പോലീസിനെ അഴിമതിക്കാർ എന്നാക്ഷേപിക്കുന്നതെന്തുകൊണ്ടാണെന്ന് കോടതി പറഞ്ഞിട്ടില്ല. പറയാതെതന്നെ എല്ലാവർക്കും അറിയാം, കോടതി സൂചിപ്പിക്കുന്നത് പോലീസ് സേനയിൽ നടമാടുന്ന കൈക്കൂലിയെയാണെന്ന്. പല പോലീസ് ഓഫീസർമാരുടെയും വരുമാനം ശമ്പളത്തിലേറെ കിമ്പളമാണ്. അത്തരക്കാർ ശമ്പളത്തിനു പണിയെടുക്കുന്നതിലേറെ കിമ്പളത്തിനു വേണ്ടി പണിയെടുക്കുക സ്വാഭാവികം. ശക്തിയും സമ്പത്തും സ്വാധീനവുമുള്ളവർ വിരലനക്കുന്നതനുസരിച്ചാണവർ പ്രവർത്തിക്കുക. തങ്ങളെ തീറ്റിപ്പോറ്റുന്ന കുറ്റവാളികളിൽ നിയമം നടപ്പിലാക്കുകയല്ല, നിയമത്തിന്റെ പിടിത്തത്തിൽനിന്ന് മോചിപ്പിക്കുകയാണവരുടെ ദൗത്യം. പരാതികളെത്തുമ്പോൾ അവർ നോക്കുന്നത് നീതി ഏതു പക്ഷത്ത് എന്നല്ല, പണം ഏതു പക്ഷത്ത് എന്നാണ്. കനമുള്ള മടിശ്ശീലയുണ്ടെങ്കിൽ രണ്ടു പക്ഷത്തുനിന്നും പണം പിടുങ്ങുന്നവരുമുണ്ട്. എല്ലാ പോലീസുകാരും ഇങ്ങനെയാണെന്ന് പറയുകയല്ല. സത്യസന്ധരും നീതിനിഷ്ഠരും ഇല്ലാതില്ല. എങ്കിലും മിക്ക സംസ്ഥാനങ്ങളിലും പോലീസിന്റെ പൊതുമുഖം അഴിമതിയുടേതാണ്.

മത-ജാതി-പാർട്ടി പക്ഷപാതിത്വങ്ങളും പോലീസ് സേനയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലുണ്ടായ മിക്ക ന്യൂനപക്ഷവിരുദ്ധ കാലപങ്ങളിലും പോലീസ് ഒളിഞ്ഞും തെളിഞ്ഞും അക്രമികളെ സഹായിച്ച ചരിത്രമാണുള്ളത്. മുൻകൂട്ടി വിവരം ലഭിച്ചിട്ടും ശക്തന്മാർ അശക്തർക്കെതിരെ പടയൊരുക്കുന്നതിനോട് പോലീസ് കൈക്കൊണ്ട കുറ്റകരമായ അനാസ്ഥയും നിസ്സംഗതയുമാണ് പലപ്പോഴും കലാപം ആളിക്കത്താൻ കാരണമായിട്ടുള്ളത്. പോലീസ് അക്രമികളുടെ കൂടെ ചേർന്ന് ഹിംസ നടത്തിയ സംഭവങ്ങളുമുണ്ട്. മർദിതരെത്തന്നെ അക്രമികളായി മുദ്രകുത്തി ജയിലിലടച്ച ഉദാഹരണങ്ങൾ ഏറെയാണ്. പരാതി നൽകാൻ ചെന്ന ജനക്കൂട്ടത്തെ കലാപകാരികളെന്നാരോപിച്ച് വെടിവെച്ചോടിച്ച വാർത്തകളും കേൾക്കാറുണ്ട്.

പോലീസിന്റെ ചെയ്തികൾ സർക്കാറും രാഷ്ട്രീയ പാർട്ടികളും സമൂഹവുമൊന്നും അറിയാതെയല്ല. എല്ലാവർക്കും അതൊക്കെ നന്നായറിയാം. എല്ലാവരും പരിതപിക്കാറുമുണ്ട്. പോലീസിനെ പരിഷ്കരിക്കാനും സംസ്കരിക്കാനും കാര്യക്ഷമമാക്കാനും ഒന്നിനു പിറകെ ഒന്നായി കമീഷനുകളും പാനലുകളും നിയമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷേ നടപ്പിലാക്കപ്പെടുന്ന പരിഷ്കരണങ്ങളെല്ലാം ഉപരിപ്ലവമാണ്; ട്രൗസറിനു പകരം പാന്റ്സ്, അറ്റം കൂർത്ത തൊപ്പിക്കു പകരം പരന്ന തൊപ്പി എന്നിങ്ങനെ! പോലീസിന്റെ മനോഭാവത്തിലും പ്രവർത്തനരീതിയിലും ഒരു മാറ്റവും ജനങ്ങൾക്കനുഭവപ്പെടുന്നില്ല.

പോലീസ് സേനയിൽ കാതലായ പരിഷ്കരണങ്ങൾ വരുത്താൻ, അതിനുവേണ്ടി ശ്രമിക്കുന്നവർ യഥാർഥത്തിൽ ഉദ്ദേശിക്കുന്നുണ്ടോ എന്നത് വലിയൊരു ചോദ്യമാണ്. കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ എല്ലാ പരിഷ്കരണങ്ങളെയും സ്വാധീനിച്ചിരിക്കുന്നു. പോലീസ് സേനയെ ജനകീയമാക്കുന്നു, പോലീസുകാരെ ജനസേവകരാക്കുന്നു എന്നൊക്കെ മന്ത്രിമാർ പ്രസ്താവനകളിറക്കിക്കൊണ്ടിരിക്കും. എന്നാൽ അതതു കാലത്തെ ഭരണകക്ഷിയുടെ, അല്ലെങ്കിൽ ആഭ്യന്തരം കൈകാര്യം ചെയ്യുന്ന ഘടകകക്ഷിയുടെ പിണിയാളുകളായിരിക്കണം പോലീസ് സേന എന്ന അലിഖിത നിയമത്തിന് ഒരു ഭേദഗതിയുമുണ്ടാകുന്നില്ല. ഭരണകക്ഷിയുടെ എന്നല്ല, ഭരണകക്ഷിയിൽ സ്വാധീനമുള്ള ഒരു വ്യക്തിയുടെ ഏതെങ്കിലും താൽപര്യത്തിനെതിരായി നടപടി-അതെത്ര ന്യായമായതായാലും ശരി- സ്വീകരിക്കുന്ന പോലീസുകാരൻ പിറ്റേന്ന് ആ സ്റ്റേഷനിലുണ്ടാവില്ല. ചിലപ്പോൾ ഒരു സ്റ്റേഷനിലുമുണ്ടാവില്ല. പരിഷ്കരണം തുടങ്ങേണ്ടതെവിടെനിന്നാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ പോലീസിന്റെ പ്രവർത്തനത്തിൽ കാതലായ പരിഷ്കരണങ്ങളുണ്ടാക്കാൻ സുപ്രീംകോടതി തന്നെ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നിർദേശിച്ചെങ്കിൽ എന്നാശിക്കുകയാണ്. ■